(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ 13/1234 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തീയതി:31.08.2016
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

മരിയാപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- മരിയാപുരം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഐ.ഡി.കെ 13/1234 /2016

തിയതി:31.08.2016

## ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 16.8.2016 മുതൽ 25.8.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്.മുരളീദാസ് | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.8.2016 മുതൽ 25.8.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ബേബി സനൂജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജീവ് എം.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.സി.ബിനുമോൻ | ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ത്രേസ്യാമ്മ തോമസ്(വൈസ് പ്രസിഡന്റ് അധിക ചുമതല) | 1.4.2014മുതൽ 5.4.2015വരെ |
| | ശ്രീ.മാത്യു ദേവസ്യ | 6.4.2015മുതൽ 31.10.2015വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.2015മുതൽ18.11.2015വരെ |

| | | |
|---|---|---|
| | ശ്രീമതി. ഡോളി ജോസ് | 19.11.2015മുതൽ31.3.2016വരെ |
| സെക്രട്ടറി | ശ്രീ.കെ.വി.കുര്യാക്കോസ് | 1.4.2015മുതൽ 3.5.2015 വരെ<br>21.6.2015മുതൽ 27.7.2015വരെ |
| | ശ്രീ.എം.അജയകുമാർ (ഹെഡ് ക്ലാർക്ക് പൂർണ്ണ അധിക ചുമതല) | 4.5.2015മുതൽ 20.6..2015വരെ<br>28.7.2015മുതൽ 31.7.2015വരെ |
| | ശ്രീ.പി.എൻ. സുരേന്ദ്രൻ നായർ | 1.8.2015മുതൽ 31.3.2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി.എഞ്ചിനീയർ | ശ്രീ.ബിനു.കെ.വി. | 1.4.2015 മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജേഷ് പി.ബി. | 1.4.2015മുതൽ 14.9.2015വരെ |
| | ഡോ.സൗമ്യ തടത്തിപ്ലാക്കൽ | 14.9.2015മുതൽ 6.1.2016വരെ<br>3.3.2016 മുതൽ 31.3.2016 വരെ |
| | ഡോ.സ്നേഹ അഗസ്റ്റ്യൻ | 07.01.2016മുതൽ 2.3.2016വരെ |
| കൃഷി ഓഫീസർ | ശ്രീ. മെൻവിൻ ജോസ് | 1.4.2015മുതൽ 12.7.2015വരെ |
| | ശ്രീ.സലിൻ. പി.ആർ. | 13.7.2015മുതൽ 6.12.2015വരെ |
| | ശ്രീമതി. ഐവി കോശി | 7.12.2015മുതൽ22.12.2015വരെ |
| | ശ്രീമതി.ഹൃദ്യ.വി.രജീന്ദ്രൻ | 23.12.2015മുതൽ28.2.2016വരെ |
| | ശ്രീ.ഷീൻ ജോൺസ് | 1.3.2016മുതൽ 31.3.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.തങ്കമണി.പി.എൻ | 1.4.2015മുതൽ 4.1.2016വരെ |
| | ശ്രീമതി.ജോളി. കെ.പി. | 4.1.2016മുതൽ 7.3.2016വരെ |
| | ശ്രീമതി.ഷിബുമോൾ മോഹനൻ | 8.3.2016മുതൽ 31.3.2016വരെ |

<table>
<tr><td rowspan="2">വി.ഇ.ഓ</td><td colspan="2">ശ്രീ. കെ.ബി.അനിൽകുമാർ</td><td>1.4.2015മുതൽ1.3.2016വരെ</td></tr>
<tr><td colspan="2">ശ്രീ.ഫൈസൽ.പി.വി.</td><td>2.3.2016മുതൽ 31.3.2016വരെ</td></tr>
<tr><td>ഹെഡ് മാസ്റ്റർ</td><td colspan="2">ശ്രീമതി.മേരിക്കുട്ടി മൈക്കിൾ</td><td>1.4.2015മുതൽ31.3.2016വരെ</td></tr>
<tr><td rowspan="4">മെഡിക്കൽ ഓഫീസർ</td><td>ആരോഗ്യം</td><td>ഡോ. ദിലീപ് വർഗീസ്</td><td>1.4.2015മുതൽ 31.3.2016വരെ</td></tr>
<tr><td>ആയുർവേദം</td><td>ഡോ ജീനാ മേരി വർഗീസ്</td><td>1.4.2015 മുതൽ 31.3.2016വരെ</td></tr>
<tr><td rowspan="2">ഹോമിയോ</td><td>ഡോ.മഞ്ജുറാണി.എം</td><td>1.4.2015 മുതൽ 12.7..2015വരെ<br>4.2.2016 മുതൽ 10.3..2016വരെ</td></tr>
<tr><td>ഡോ. അമ്പിളി എം.കെ.</td><td>13.7.2015 മുതൽ 3.2.2016വരെ<br>11.3.2016മുതൽ 31.3.2016വരെ</td></tr>
</table>

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വസ്തു നികുതി കുടിശിക സംബന്ധിച്ച് | 2-1 |
| | ഭാഗം 3 | |
| 14 | റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചതിനാൽ നഷ്ടം | 3-1 |
| 15 | വിനിയോഗവിവരം ലഭ്യമാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 |
| 16 | പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-3 |
| 17 | തുക നല്കിയിട്ടും മരുന്ന് ലഭിക്കാത്തത് | 3-4 |
| 18 | തൊഴിലുറപ്പ് പദ്ധതി- നികുതികൾ ഈടാക്കാത്തത് മൂലം നഷ്ടം ₹52801/- | 3-5 |

| | | |
|---|---|---|
| | | |
| 19 | ഫയലുകൾ അപൂർണ്ണം- ചെലവുകൾ തടസ്സപ്പെടുത്തുന്നു. | 3-6 |
| | ഭാഗം 4 | |
| 20 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 23 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 29 | അനുബന്ധം-1 | |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 4.3.2015തിയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചു. ₹106947000/- വരവും

₹99776000/- ചെലവും പ്രതീക്ഷിക്കുന്ന ബജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 16.6.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 18.8.2016 &19.8.2016 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12758137.82 |
| വരവ് | 24226289.00 |
| ആകെ | 36984426.82 |
| ചെലവ് | 32429540 |
| നീക്കിയിരിപ്പ് | 4554886.82 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 1497293 | 2965807 | 4463100 | 4463100 | 0 | 100 |
| | എസ്.സി.പി. | 130154 | 673753 | 803907 | 803907 | 0 | 100 |
| | ടി.എസ്.പി. | 10984 | 82000 | 92984 | 92984 | 0 | 100 |
| സംരക്ഷണഗ്രാന്റ് | റോഡ് | 451580 | 3350050 | 3801630 | 3801630 | 0 | 100 |
| | നോൺറോഡ് | 25123 | 1719316 | 1744439 | 1744439 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 995037 | 3151697 | 4146734 | 4146734 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | | 1969895 | 652427 | 2622322 | 2622322 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | | 865 | 661493 | 662358 | 660523 | 1835 | 99.72 |
| ബി ഫണ്ട് | | 0 | 12037270 | 12037270 | 12037270 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 105 | 24901013 | 89 | 17887790 | 1 | 15 | 84.76 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ₹782768/- കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 1916653 | 1413142 | (-)503511 |
| നികുതിയേതര വരവുകൾ | 534156 | 242857 | (-)291299 |
| മറ്റു വരവുകൾ | 43529 | 12042 | (+)12042 |
| ആകെ | 2450809 | 1668041 | (-)782768 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 84240 | 29 |
| കർഷക തൊഴിലാളി പെൻഷൻ | 2784900 | 273 |
| വിധവാപെൻഷൻ | 3503480 | 285 |
| വാർദ്ധക്യകാല പെൻഷൻ | 3983310 | 386 |
| വികലാംഗപെൻഷൻ | 1535580 | 120 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 55760 | 4 |
| വിവാഹധനസഹായം | 90000 | 3 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.8.2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28739/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളും രേഖകളും സാമാന്യം തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് ബുക്കുകൾ പരിപാലിക്കുന്നതിൽ അനാസ്ഥ കാണുന്നു. യോഗം ചേർന്ന തീയതിയും യോഗ തീരുമാനങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്ററിൽ ആസ്തിയുടെ മൂല്യം രേഖപ്പെടുത്തി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.8.2016 | 7/2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.6.2011 | 2009-10 | 16.12.2011 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2015-16-വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ഷെഡ്യൂൾ ബി-17പ്രകാരം പൈനാവ് സബ്-ട്രഷറിയിൽ രണ്ട് അക്കൗണ്ടുകളിലായി 19889/-രൂപ നീക്കിയിരുപ്പുണ്ട്.എന്നാൽ നിലവിൽ ഇപ്രകാരം അക്കൗണ്ട് ഉള്ളതിന്റെ രേഖകൾ ഇല്ല.

2) വാർഷിക ധനകാര്യപത്രികയിലെ ആസ്തികളുടെ മൂല്ല്യവും ആസ്തി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) വാർഷിക ധനകാര്യപത്രികയിലെ ഫിനാൻസ് കമ്മീഷൻ ഗ്രാന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) വാർഷിക ധനകാര്യപത്രികയിൽ RP 34 ഷെഡ്യൂൾ (കോഡ്-34020101) പ്രകാരം റെന്റ് ഡിപ്പോസിറ്റ് 4416/-രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഇത് 4916/-രൂപയാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച്

2015-16 വർഷത്തിൽ വസ്തു നികുതിയിനത്തിൽ 8,27,480/-രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിൽ 5,44,698/-രൂപയും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. ഈതുക കാലഹരണപ്പെട്ടു പോകാതെ പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധികനിരക്ക് അനുവദിച്ചതിനാൽ നഷ്ടം.23771/-

2015-16 വർഷം മുതൽ പഞ്ചായത്തുകളിലെ മരാമത്ത് പ്രവൃത്തികൾക്ക് കേന്ദ്ര പൊതുമരാമത്ത് വകുപ്പ് 2014 ൽ പ്രസിദ്ധീകരിച്ച ഡി എസ് ആർ നിരക്കുകളാണ് ബാധകം എന്നിരിക്കെ റോഡ് പ്രതലങ്ങളുടെ 1:2:4 കോൺക്രീറ്റിന് അനുവദനീയമായ ₹7062/ക്യു.മീ.(ഷെഡ്യൂൾ ഇനം 4,1,3) ന്റെ പകരം ഫ്ലോറിങ് പ്രവൃത്തികളിലെ 1:2:4 കോൺക്രീറ്റിന് അനുവദനീയമായ ₹7440.4/ക്യു.മീ.(ഷെഡ്യൂൾ ഇനം11,7) അനുവദിച്ചിരിക്കുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ര.നം | പദ്ധതിയുടെ നമ്പർ, പേര്, കൺവീനറുടെ പേര് | അടങ്കൽ ₹ | എഗ്രി.നം/ തിയതി | അളവു ബുക്ക് നം. ഇനം | ബിൽ നം,തീയതി, തുക₹ | അളവ്, അനുവദിച്ച തുക₹ | നല്കേണ്ടിയിരുന്ന തുക₹ | അധികം നല്കിയ തുക ₹ |
|---|---|---|---|---|---|---|---|---|
| 1 | 13/16 കുമ്പളാങ്കൽപടി റോഡ് മെയിന്റനൻസ്. കൺ.ജിജി ജോസഫ് | 360000 | 28/AE/LSGD/ MGP/15-16 Dt.26.08.2015 | 28/15-16 ഇനം.6 | 16/23.12.2015 ₹99999/- 17/23.12.2015 ₹260000/- | 6.01x7440.4 =44716.8 | 6.01x7062 =42442.62 | 2274 |
| 2 | 20/16 പടിഞ്ഞാറകത്തുപടി റോഡ് കൺ.ബിജു മാത്യു | 370424 | 34/AE/LSGD/ MGP/ 15-16 Dt.26.08.15 | 34/15-16 ഇനം.6 | 23/30.12.15 ₹121724 27/30.01.16 ₹248700 | 7.87ക്യു.മീ 7.87x7440.4 =58555.95 | 7.87x7062 =55577.94 | 2978 |
| 3 | 27/16 മഠം പടി റോഡ് കൺ.ബേബി സെബാസ്റ്റ്യൻ | 250000 | 35/AE/LSGD/ MGP/15-16 Dt.26.08.15 | 35/15-16 ഇനം.5 | 30/30.01.2016 ₹249999 | 13.34ക്യു.മീ 13.34x7440.4 =99254.94 | 13.34x7062 =94207.08 | 5048 |
| 4 | 47/16 വെള്ളക്കയം-യോഹന്നാൻമേട് റോഡ് കൺ.ജോബി മത്തായി | 100000 | 38/AE/LSGD/ MGP/15-16 Dt.26.08.15 | 35/15-16 ഇനം.3 | 53/31.03.2016 ₹99999 | 5.51ക്യു.മീ 5.51x7440.35 =40996.33 | 5.51x7062 =38911.62 | 2085 |
| 5 | 95/16 യോഹന്നാൻ മേട് റോഡ് കൺ.എം കെ ദിനേശ് | 236500 | 12/AE/LSGD/ MGP/15-16 Dt.18.07.15 | 12/15-16 ഇനം.1 | 28/30.01.2016 ₹236500 | 30.089ക്യു.മീ 30.089x7440.4 =223874.19 | 30.089x7062 =212488.52 | 11386 |
| | | | | | | | | 23771 |

₹23771/- ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

## 3-2 വിനിയോഗ വിവരം ലഭ്യമാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥർ പിൻവലിച്ചിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന തുകകൾ പദ്ധതി നിർവ്വഹണത്തിനായി വിവിധ സ്ഥാപനങ്ങളിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി | ബിൽ/തുക |
|---|---|---|---|
| 1. | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് | എസ്.എസ്.എ വിഹിതം ഒടുക്കൽ (പ്രൊജ.ന.S067/16) എസ്.എസ്.എ.ജില്ലാ കോർഡിനേറ്റർക്ക് നൽകിയത് | 2/15-16,21-12-15, 200000/- |
| 2. | ഗ്രാമ സേവകൻ | ഐ.എ.വൈ.വിഹിതം,എസ്.സി.പി (പ്രൊജ.ന.S057/16) ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയത് | 8/15-16,11-2-16, 200000/- |
| 3. | ഗ്രാമ സേവകൻ | ഐ.എ.വൈ.വിഹിതം,റ്റി.എസ്.പി (പ്രൊജ.ന.S061/16) ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയത് | 7/15-16,11-2-16 65000/- |
| 4. | ഗ്രാമ സേവകൻ | ഐ.എ.വൈ.വിഹിതം,ജനറൽ (പ്രൊജ.ന.S064/16) ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയത് | 9/15-16,11-2-16 290564/- 10/15-16,11-2-16 189436/- |
| | | ആകെ | 945000/- |

വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി 945000/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിലെ അപാകതകൾ-തടസ്സം ₹30000/-

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| അടങ്കൽ | ₹350000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം | 1/2015-16/25.9.2015 – ₹117160/ - |
| | 2/2015-16/28.12.2015 – ₹78140/- |
| | 3/2015-16/31.3.2016 - ₹87860/- |
| | 4/2015-15/31.3.2016 – ₹23200/- |
| ആകെ | ₹306360 |

പാലിയേറ്റീവ്കെയർ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ട്രെയിനിംഗ് നടത്തുന്നതിനായി രൂ 10000/- പിൻവലിച്ചിട്ടുണ്ടെങ്കിലും ചെലവിന് ഉപോദ്ബലകമായ രേഖകൾ ഹാജരാക്കിയിട്ടില്ല. പാലിയേറ്റീവ് നഴ്സിന് ഹോണറേറിയം കുടിശിക ഇനത്തിൽ ₹20000/- നല്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ടി രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി കാരണങ്ങളാൽ ₹30000/-ടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 എൻ.ആർ.എച്ച്.എം- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-തുക നല്കിയിട്ടും മരുന്ന് ലഭിക്കാത്തത്

നിർവ്വഹണം :- മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ (പ്രോ. നം 55/16), എൻ.ആർ.എച്ച്.എം.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ (പ്രോ. 58/16 ) എന്നീ രണ്ടു പ്രോജക്ടുകൾക്ക് മരുന്നു വാങ്ങുന്നതിനായി രൂ- 50000/- വീതം 100000/- ഹോംകോ ആലപ്പുഴയ്ക്ക് നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നു ലഭിച്ചിട്ടില്ല. നാളിതുവരെ മരുന്നു ലഭിക്കാത്തതിന് വിശദീകരണം നല്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ ഹോംകോയിലേക്ക് മരുന്ന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കത്ത് നല്കിയിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. കാലവിളംബം കൂടാതെ മരുന്ന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 തൊഴിലുറപ്പ് പദ്ധതി -നികുതികൾ ഈടാക്കിയില്ല- നഷ്ടം.52801/

മഹാത്മാഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം 252പ്രവൃത്തികൾക്കായി 256.51/ലക്ഷംരൂപ ചെലവഴിച്ചിട്ടുണ്ട്. എസ്.സി വിഭാഗത്തിൽ 3930 തൊഴിൽദിനങ്ങളും, എസ്.റ്റി വിഭാഗത്തിൽ 300 തൊഴിൽ ദിനങ്ങളും പൊതു വിഭാഗത്തിൽ 79274 തൊഴിൽദിനങ്ങളും ഉൾപ്പെടെ ആകെ 83504 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. 2014-15-ൽ വിവിധ പ്രവൃത്തികൾക്ക് ആവിശ്യമായ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി 2015-16-ൽ സെക്രട്ടറി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ ടെണ്ടർ സമർപ്പിച്ച ശ്രീ. വി സെബാസ്റ്റ്യൻ എന്നയാളുടെ ടെണ്ടർ അംഗീകരിച്ച് ടിയാനുമായി കരാർ ചമച്ച് സെക്രട്ടറി സപ്ലൈ ഓർഡർ നല്കുകയും ചെയ്തു. വിതരണം ചെയ്ത സാധനങ്ങളുടെ വിലയായി 1984501/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. സിമൻറ്, കമ്പി, മെറ്റൽ, എം- സാൻഡ് എന്നിവ വിവിധ പ്രവർത്തികൾക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സിമൻറ്, കമ്പി, എന്നിവയുടെ വാറ്റ് നികുതി ഒടുക്കിയ ബില്ലുകൾ ഹാജരാക്കിയിട്ടുള്ളതിനാൽ അവയുടെ നികുതികൾ ഈടാക്കിയിട്ടില്ല. ഇവ കൂടാതെ മെറ്റൽ, എം-സാൻഡ്, കരിങ്കല്ല് എന്നിവ വിതരണം ചെയ്തിട്ടുണ്ടെങ്കിലും വിതരണം ചെയ്ത സാധനങ്ങളുടെ നികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിതരണം ചെയ്ത സാധനങ്ങൾ | ചെലവഴിച്ച തുക | ഈടാക്കേണ്ടിയിരുന്ന നികുതി (5%) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 40mm metal | 325727 | 16286 |
| 2 | 20mm metal | 191238 | 9562 |
| 3 | എം സാന്റ് | 539067 | 26953 |
| | ആകെ | 1056032 | 52801 |

മേൽ വിവരിച്ച സാധനങ്ങൾക്കായി ചെലവഴിച്ച തുകയുടെ നികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുകയായ 52801/- രൂപ സാധനങ്ങൾ വിതരണം ചെയ്ത കോൺട്രാക്ടറിൽ നിന്നും ഈടാക്കി സംസ്ഥാന സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

കൂടാതെ വിതരണം ചെയ്ത കരിങ്കല്ലിന്റെ നികുതിയിനത്തിൽ ഈടാക്കിയ തുകയായ 10274/രൂപ നിലവിൽ തനത് ഫണ്ടിൽ മുതൽ കൂട്ടിയിരിക്കുകയാണ്.ഈ തുകയും സംസ്ഥാന സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 ഫയലുകൾ അപൂർണ്ണം-774019/രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ,പേര് | 0008/16,അങ്കൺവാടി പോഷകാഹാര പരിപാടി |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി,എസ്.സൂപ്പർവൈസർ |
| അടങ്കൽ തുക | 1800000/- |
| ബിൽ നമ്പർ-5/15-16 | 294475/-തീയ്യതി-12/02/16 |
| ബിൽ നമ്പർ-6/15-16 | 479544/-തീയ്യതി-26/03/16 |

2015-16-ൽ അംഗൻവാടികൾ വഴി പോഷകാഹാരം വിതരണം ചെയ്യുന്നതിനായി ആഹാരസാധനങ്ങൾ വാങ്ങിയതിന്റെ തുക നല്കുന്നതിനായി മേൽ സൂചിത ബില്ലുകൾ പ്രകാരം 774019/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഭക്ഷണ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഓഡിറ്റിനായി നല്കിയെങ്കിലും ബില്ലുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ, വിതരണം ചെയ്തതിന്റെയോ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ മേൽ സൂചിത ബില്ലുകൾ പ്രകാരം പിൻവലിച്ച ₹774019/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

2015-16-ൽ ഓഡിറ്റ് റിക്കവറിയിനത്തിൽ 2420/-രൂപ വരവുണ്ട്. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| വർഷം | ഖണ്ഡിക | തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ |
|---|---|---|---|---|
| 2012-2013<br>2013-2014 | 3-4 | 874 | ബിനു.കെ.വി | 11550210036 തീയതി 10-04-15 |
| 2012-2013<br>2013-2014 | 3-4 | 1546 | സുദീപ്.എ.സി | 11502100506 തീയതി 28-09-15 |
| ആകെ | | 2420 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 24226289 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32429540 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23771 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1719010 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 23771 | ശ്രീ.ബിനു.കെ.വി,അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 945000 | 200000/- ശ്രീമതി.മേരിക്കുട്ടി മൈക്കിൾ, ഹെഡ് മിസ്ട്രസ് |
| | | 745000/- ശ്രീ.കെ.ബി.അനിൽ കുമാർ ,വി.ഇ.ഒ |
| 3-6 | 774010 | ശ്രീമതി.ജോളി.കെ.പി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 1719010 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

സംസ്ഥാന സർക്കാരിന്റെ നഷ്ടം: ₹ 52801/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.വി.ബിനു,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി., മരിയാപുരം ഗ്രാമ പഞ്ചായത്ത് | കുനംമാക്കൽ, അരുവിളാംചാൽ പി.ഒ,ശാന്തൻപാറ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം./തീയതി |
|---|---|
| 1976-77 | എൽ എഫ് ഐ-5/1998/4.5.1998 |
| 1977-78 | എൽ എഫ് ഐ-5/1025/82/20.1.1998 |
| 1980-81 | എൽ എഫ് ഐ-5/191/98/4.5.1998 |
| 1981-82 | എൽ എഫ് ഐ-5/874/86/12.11.1987 |
| 1982-83 | എൽ എഫ് ഐ-5/100/91/12.12.1991 |

| | |
|---|---|
| 1983-84 | എൽ എഫ് ഐ-5/100/91(2)/27.12.1991 |
| 1984-85 | എൽ എഫ് ഐ-5/100/91(3)/27.12.1991 |
| 1985-86 | എൽ എഫ് ഐ-5/100/91(4)/27.12.1991 |
| 1986-87 | എൽ എഫ് ഐ-5/223/91/12.10.1992 |
| 1987-88 | എൽ എഫ് ഐ-5/391/93/22.5.1995 |
| 1988-89 & 1989-90 | എൽ എഫ് ഐ-5/69/93/22.6.1993 |
| 1990-91& 1991-92 | എൽ എഫ് ഐ-5/59/94/18.4.1994 |
| 1992-93 1993-94 | എൽ എഫ് ഐ-5/520/95/25.3.1996 |
| 1994-95 | എൽ എഫ് ഐ-5/283/96/8.8.1996 |
| 1995-96 | എൽ എഫ് ഐ-5/405/99/7.9.1999 |
| 1996-97 | എൽ എഫ് ഐ-9/300/96/7.8.1998 |
| 1997-98 | എൽ എഫ് ഐ-9/28/2000/22.5.2000 |
| 1998-99 | എൽ എഫ് ഐ-9/410/2000/8.2.2001 |
| 1999-2000 | എൽ എഫ് ഐ-9/292/2001/12.7.2001 |
| 2000-2001 | എൽ എഫ് ഐ-9/526/2002/9.10.2002 |
| 2001-2002 | എൽ എഫ് ഐ-9/13/04/10.1.2005 |
| 2002-2003 | എൽ എഫ് ഐ-9/527/04/10.1.2005 |
| 2003-2004 | എൽ എഫ് ഐ-10/108/06/22.7.2006 |
| 2004-2005 | എൽ എഫ് ഐ-10/947/2007/9.6.2008 |
| 2005-2006 | എൽ എഫ് ഐ-10/948/2007/11.6.2008 |
| 2006-2007 | എൽ എഫ് ഐ-10/594/09/8.7.2010 |
| 2007-2008 | എൽ എഫ് ഐ-13/149/2010/6.1.2011 |
| 2008-2009 | എൽ എഫ് ഐ-13/782/2011/2.4.2011 |
| 2009-10 | എൽ എഫ് ഐ-13/783/2011/2.11.2011 |
| 2010-2011 2011-2012 | എൽ എഫ് ഐ-13/1314/2012/4.3.2013 |
| 2012-13 2013-14 | എൽ എഫ് ഐ-13/1342/2014/15.12.2014 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ. 13/146/2016/31.3.2016 |

റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഐ.ഡി.കെ 13/1234 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി: 31.08.2016
Ph: 04862227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മരിയാപുരം ഗ്രാമ പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

KSAIDK-13/1234 /2016

Kerala State Audit Department

District Audit Office,Idukki

Thodupuzha,Date:31.08.2016

Ph:04862-227332

E-mail:-doidk.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of MARIAPURAM Grama Panchayat in Idukki District for the year ended on 31.3.2016 in accordance with Sn4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of MARIAPURAM Grama Panchayat for the year 2015-16 expect observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR

IDUKKI.